**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.9958/2018/ധന.** തിരുവനന്തപുരം, തീയതി **04/12/2018**

---

പരാമർശം:- 1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13/06/2018 തീയതിയിലെ എൽ.ആർ.(ഐ.റ്റി.സെൽ) 21896/2017 നമ്പർ കത്ത്.

2. ഭരണ വകുപ്പ് ഫയൽ നം. <u>REV-E3/651/2018-REV</u> Computer No.993515.

**<u>ഉത്തരവ്</u>**

റവന്യൂ വകുപ്പിനു കീഴിലെ വിവിധ സർക്കാർ ശീർഷകങ്ങളിലേയ്ക്കുള്ള ഒടുക്കുകൾ ഇ - ട്രഷറിയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള ബാങ്കുകളുടെ ശാഖകളിലൂടെ ട്രഷറിയിലേയ്ക്ക് അടയ്ക്കാൻ നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ഇതര ബാങ്ക് / പൊതുമേഖല / അർദ്ധസർക്കാർ ബോർഡുകളിലേയ്ക്കുള്ള പണമടയ്ക്കൽ ഇപ്പോഴും ഡിഡി മുഖേനയോ, ബാങ്ക് അക്കൗണ്ടിൽ നേരിട്ടോ അടയ്ക്കുകയാണെന്നും, ഇത് ബുദ്ധിമുണ്ടുണ്ടാക്കുന്നുവെന്നും, ആയതിനാൽ സർക്കാർ ഇതര അടവുകൾക്കായി ഒരു സംവിധാനം ആവശ്യപ്പെടുകയും, ട്രഷറി പൂളിംഗ് മുഖേന അത്തരം ഇടപാടുകൾ നടത്തുവാൻ ട്രഷറി ഡയറക്ടറുമായി നടത്തിയ ചർച്ചയിൽ തീരുമാനിച്ചിട്ടുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശ കത്ത് പ്രകാരം അറിയിക്കുകയും റവന്യൂ ഇ - പേമെന്റ് സംവിധാനം സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും, ഓൺലൈനായും നേരിട്ടും നടപ്പിൽ വരുത്തുന്നതിനായി ഇ - ട്രഷറി പ്ലാറ്റ്ഫോമുമായി ബന്ധപ്പെടുത്തി, ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ ഒരു ട്രഷറി പൂളിംഗ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി, ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.
റവന്യൂ (E) വകുപ്പ് (e-file No: <u>REV-E3/651/2018-REV</u> Computer No.993515 പ്രകാരം)
ധനകാര്യ (വ്യയം-ബി) വകുപ്പ്
നോഡൽ ഓഫീസർ, <u>www.finance.kerala.gov.in</u>
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ